# കാർഷിക കാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ktm-63/2025 ആയില്യം *ഞാറ്റുവേല* തീയതി: 08.08.2025 കർക്കിടകം 20**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (03/08/25- 04/08/25) | കാലാവസ്ഥ പ്രവചനം (09/08/25 - 13/08/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 31 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 21.5 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 89 -നും 95 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 7 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ 30.2 മില്ലി മീറ്റർ മഴ ലഭിച്ചു. | ആലപ്പുഴ ജില്ലയിൽ അടുത്ത അഞ്ചു ദിവസം നേരിയതോ സാമാന്യം ശക്തിയായതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. പരമാവധി താപനില 33.0$^0$C ഉം കുറഞ്ഞ താപനില 24.0$^0$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 72% നും 95% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3.0 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. ആകാശം മേഘാവൃതമായിരിക്കും. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | വെള്ളപ്പൊക്കത്തിന് ശേഷം നെൽ പാടങ്ങളിൽ എക്കൽ മണ്ണടിഞ്ഞു ഫലഭൂയിഷ്ഠതയിൽ നേരിയ വർദ്ധന ഉണ്ടാകുമെങ്കിലും പറമ്പുകളിൽ മഗ്നഷ്യം, കാൽസ്യം, സൾഫർ, ചെമ്പ്, സിങ്ക് മുതലായ മറ്റ് അവശ്യ മൂലകങ്ങളുടെ കുറവ് അനുഭവപ്പെടും. ഇത് വിളകളുടെ വളർച്ചയെയും ഉൽപ്പാദനത്തേയും കാര്യമായി ബാധിക്കും. ജൈവ വളങ്ങളായ കമ്പോസ്റ്റ്, കാലിവളം, പച്ചിലകൾ, സംപുഷ്ട വളങ്ങളായ കടലപ്പിണ്ണാക്ക് വേപ്പിൻ പിണ്ണാക്ക് നൈട്രജൻ,പൊട്ടാസ്യം,മഗ്നിഷ്യം, കാൽസ്യം എന്നിവ പ്രദാനം ചെയ്യുന്ന രസവളങ്ങൾ എന്നിവയുടെ നിശ്ചിത അളവിലുള്ള ഉപയോഗം വഴി മണ്ണിന്റെ ഉത്പാദന ക്ഷമത വീണ്ടെടുക്കാം |
| നെല്ല് | വളർച്ചാ ഘട്ടം | നെല്ലിൽ ബാക്റ്റീരിയൽ വാട്ടം നിയന്ത്രിക്കാൻ സ്ട്രെപ്റ്റോസൈക്ലിൻ 6 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ ഒരേക്കർ സ്ഥലത്തു തളിക്കുക. |
| തെങ്ങ് | വളർച്ചാ ഘട്ടം | മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ് ബഗ്ഗ് നു എതിരെ സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. പരാഗണം നടക്കുന്ന പൂങ്കുലയിൽ കീടനാശിനി വീഴരുത്. |
| **റബ്ബർ** | ടാപ്പിംഗ് ഘട്ടം | റബ്ബറിൽ ബഡ്ഡു തൈകളുടെ തളിരിലകൾ കുമിൾ ബാധ മൂലം പൊഴിയുന്നത് തടയാൻ 4 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയുടെ സിഗൈട്ടോക്ക ഇലകരിച്ചിൽ നിയന്ത്രിക്കാൻ കരിഞ്ഞുണങ്ങിയ ഇലകൾ മുറിച്ചുമാറ്റി പ്രൊപ്പിക്കോനാസോൾ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കുക. |
| **പയർ** | വളർച്ചാ ഘട്ടം | പയറിൽ കരിമ്പൻകേടു പ്രതിരോധിക്കാൻ 2 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽനേർപ്പിച്ചുവിത്ത് ഇട്ടു വെയ്ക്കുക. |
| വഴുതന | വളർച്ചാ ഘട്ടം | വഴുതനയുടെ ബാക്റ്റീരിയൽ വട്ടത്തിനുപ്രതിരോധശേഷിയുള്ളസൂര്യ, ശ്വേത, ഹരിത, സങ്കര ഇനമായ നീലിമഎന്നിവ കൃഷി ചെയ്യാൻ ശ്രദ്ധിക്കുക. |